സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ അടിസ്ഥാന ശമ്പളത്തോടൊപ്പം 24 ശതമാനം ക്ഷാമബത്ത ലയിപ്പിക്കുന്നതിനും 6 ശതമാനം വർദ്ധനവ് വരുത്തുന്നതിനും സർവ്വീസ് വെയ്റ്റേജ് നൽകുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ എം.സി.എ./എം.ബി.എ./ സി.എ. എന്നിവയിൽ ഏതെങ്കിലും ഒന്നോ, ഒന്നിലധികമോ യോഗ്യതയുള്ളവർക്ക് ഒരു അഡീഷണൽ ഇൻക്രിമെന്റും ശിപാർശ ചെയ്തിട്ടുണ്ട്. 5, 10, 20 വർഷങ്ങൾക്ക് സർവ്വീസ് വെയ്റ്റേജും 8, 16, 23, 28 വർഷങ്ങൾക്ക് ഹയർ ഗ്രേഡും ശിപാർശ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) റിപ്പോർട്ടിലെ ശിപാർശ പ്രകാരം ജീവനക്കാരന് പ്രതിമാസം ലഭിക്കുന്ന ഏറ്റവും കുറഞ്ഞ വർദ്ധനവ് 1,020 രൂപയും കൂടിയ വർദ്ധനവ് 14,385 രൂപയും ആണ്.

(ഡി) സംഘങ്ങളുടെ വികസനത്തിനായി കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശകളൊന്നും സമർപ്പിച്ചിട്ടില്ല.

(ഇ) കമ്മീഷന്റെ ശിപാർശ അംഗീകരിക്കുന്ന മുറയ്ക്ക് അതുപ്രകാരമുള്ള ആനുകൂല്യങ്ങൾ എല്ലാ സഹകരണ സംഘം ജീവനക്കാർക്കും ലഭ്യമാക്കുന്നതാണ്.

നോക്കുകൂലി

10(*130) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ നിയമത്തിൽ നോക്കുകൂലി തൊഴിലാളികളുടെ അവകാശമാക്കി കൊണ്ട് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നതിനുള്ള നഷ്ട പരിഹാരമാണ് നോക്കുകൂലി എന്ന പുതിയ നിർവ്വചനം സർക്കാർ അംഗീകരിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ നോക്കുകൂലി അവസാനിപ്പിക്കാൻ എന്തെല്ലാം നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട് ; ആവശ്യമെങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്തുന്നതിന് തയ്യാറാകുമോ ;

(ഡി) തൊഴിൽമേഖലയിൽ നിലനിൽക്കുന്ന ഈ അനാചാരം പൊതുജനങ്ങൾക്കും, നാടിന്റെ വ്യവസായ വികസനത്തിനും ഹാനികരമാണെന്ന കാര്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ,

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) ഇല്ല.

(സി) നോക്കുകൂലി ആവശ്യപ്പെടുകയോ വാങ്ങിക്കുകയോ ചെയ്തു എന്നു ലഭിക്കുന്ന പരാതിയിന്മേൽ കർശനമായ നടപടി എടുക്കുന്നുണ്ട്. ഇതിനായി പ്രത്യേക നിയമ നിർമ്മാണം ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

(ഡി) നോക്കുകൂലി സർക്കാർ അംഗീകരിക്കുന്നില്ല.

കാർഷിക വിളകളുടെ കീടരോഗബാധ തടയുന്നതിന് പദ്ധതി

11(*131) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വിളകളുടെ കീടരോഗബാധ തടയുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ;

(ബി) കീടരോഗബാധിത മേഖലകളിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) മൊബൈൽ ആഗ്രോക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ എത്ര മൊബൈൽ ക്ലിനിക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) അമിത കീടനാശിനി പ്രയോഗത്തിനെതിരെ ബോധവൽക്കരണം നടത്താൻ പദ്ധതി ആവിഷ്കരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) കാർഷിക വിളകളുടെ കീടരോഗബാധ തടയുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംയോജിത കീടനിയന്ത്രണ പദ്ധതി, ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഉള്ള ജൈവകീടനിയന്ത്രണ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ, കേരശ്രീ പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വിവിധ രോഗകീട നിയന്ത്രണ പദ്ധതികൾ, സുസ്ഥിര നെൽകൃഷി വികസന പദ്ധതി എം.ഒ.യു. നെൽകൃഷി വികസനം ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നീ പദ്ധതികളെല്ലാം കീട-രോഗനിയന്ത്രണം ഒരു ഘടകമായി ഉൾക്കൊള്ളിച്ച് രോഗ കീട നിയന്ത്രണത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly